# ഗായകശിഖാമണി ഹരികേശനല്ലൂർ ഡോ. എൽ. മുത്തയ്യാ ഭാഗവതർ (1877 – 1945)

ശ്രീ മുത്തയ്യാ ഭാഗവതർ 1877 നവംബർ 15-ാം തീയതി ത്രിമൂർത്തികളുടെ ജന്മ സ്ഥലമായ തിരുവാരൂരിൽ പുനൽവേലി എന്ന ഗ്രാമത്തിൽ ശ്രീ ലിംഗം അയ്യരുടെയും ശ്രീമതി ആനന്ദവല്ലി അമ്മാളുടെയും പുത്രനായി ജനിച്ചു. 7-ാമത്തെ വയസ്സിൽ പിതാവിനെ നഷ്ടപ്പെട്ട ഭാഗവതർ അമ്മാവനായ ശ്രീ ലക്ഷ്മണ സൂരി അവർകളുടെ കൂടെ തിരുനെൽവേലി ജില്ലയിലെ ഹരികേശനല്ലൂർ എന്ന സ്ഥലത്തേയ്ക്കു താമസം മാറ്റി. 9-ാമത്തെ വയസ്സു മുതൽ സംഗീതം അഭ്യസിക്കുന്നതിനോടൊപ്പം വേദാധ്യ യനം നടത്തുകയും തെലുങ്ക്, കന്നഡ, സംസ്കൃതം എന്നിവയിൽ അറിവു സമ്പാദി ക്കുകയും ചെയ്തു. 19-ാമത്തെ വയസ്സിൽ ശ്രീമൂലം തിരുനാൾ സമക്ഷത്തിൽ കച്ചേരി അവതരിപ്പിച്ച് ആയിരം രൂപയോടൊപ്പം തോഡ, വീരശൃംഖല എന്നീ സമ്മാനങ്ങളാൽ ആദരിക്കപ്പെടുകയും ചെയ്തു. ശ്രീമതി ശിവകാമിയമ്മാളെയാണ് പാണിഗ്രഹണം ചെയ്തത്. ഈ ദാമ്പത്യത്തിൽ ഒരു പെൺകുഞ്ഞു ജനിച്ചെങ്കിലും ആ കുഞ്ഞ് വളരെ ചെറുപ്പത്തിൽത്തന്നെ വസൂരി ബാധിച്ചു മൃതിയടഞ്ഞു. പിന്നീടു സഹോദരപുത്രനായ ശ്രീ വൈദ്യലിംഗത്തെ ദത്തുപുത്രനായി സ്വീകരിച്ചു.

ശബ്ദഗാംഭീര്യം, ആകാരഗാംഭീര്യം ഭാഷാനൈപുണ്യം, സംഗീതജ്ഞാനം, സംഗീത ശാസ്ത്രത്തെക്കുറിച്ചുള്ള അറിവ് ഇവയെല്ലാം അനുഗ്രഹിച്ചു നല്കപ്പെട്ട ശ്രീ ഭാഗവതർ, ഹരികഥാ കാലക്ഷേപ രംഗത്ത് തിളങ്ങി നിന്നു. 'സതീസുലോചന', 'വള്ളീ കല്യാണം', 'ത്യാഗരാജ ചരിതം', 'ദ്രൗപദീമാനസംരക്ഷണം', 'ഉഷാപരിണയം', 'കൗസല്യാകല്യാണം' തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

1927-ൽ മൈസൂർ മഹാരാജാവ് ശ്രീ കൃഷ്ണരാജേന്ദ്ര ഉടയാർ സമക്ഷത്തിൽ കച്ചേരി അവതരിപ്പിച്ച് മൈസൂർ ആസ്ഥാന വിദ്വാനായി നിയമിക്കപ്പെട്ടു. മഹാരാജാ വിന്റെ നിർദേശപ്രകാരം ശ്രീ ചാമുണ്ഡേശ്വരി അഷ്ടോത്തര കീർത്തനങ്ങളും (സ്തുതി കീർത്തനങ്ങൾ 6 + 108), ശിവാഷ്ടോത്തര കീർത്തനങ്ങളും രചിച്ചു ചിട്ടപ്പെടുത്തി.

ഇവ കൂടാതെ താനവർണങ്ങൾ, പദവർണങ്ങൾ, ദരുവർണങ്ങൾ (മുത്തയ്യാ ഭാഗവതർ മാത്രമേ ദരുവർണം രചിച്ചിട്ടുള്ളു) രാഗമാലികകൾ, തില്ലാനകൾ, പാശ്ചാത്യ

ശൈലിയിലുള്ള കൃതികൾ, മുരുകൻ, സരസ്വതി, കാളി എന്നിവരെ പ്രകീർത്തിച്ചു കൊണ്ടുള്ള അനേകം കൃതികൾ എന്നിവ സംഗീത ലോകത്തിനു സംഭാവന ചെയ്തു. അഷ്ടോത്തര കൃതികളുടെ സൃഷ്ടിയിൽ ഭാഗവതർക്കുള്ള മികവിനെ പ്രകീർത്തിച്ചുകൊണ്ടു മൈസൂർ മഹാരാജാവ് അദ്ദേഹത്തിനു 'ഗായകശിഖാമണി' എന്ന പട്ടം നൽകി ആദരിച്ചു.

1929–ൽ ശ്രീ. കെ.വി. കൃഷ്ണസ്വാമി അയ്യർ, ശ്രീ. രാഘവൻ, ശ്രീ. ടി.വി. സുബ്ബറാവു, ശ്രീ. മുത്തയ്യാ ഭാഗവതർ എന്നീ മഹദ് വ്യക്തികൾ ചേർന്നു മദ്രാസ് മ്യൂസിക് അക്കാദമി ആരംഭിക്കുകയും, ശ്രീ ഭാഗവതർ ആദ്യത്തെ പ്രിൻസിപ്പലായി നിയമിക്കപ്പെടുകയും ചെയ്തു. രണ്ടാമത്തെ പ്രസിഡന്റും ഇദ്ദേഹമായിരുന്നു. ഉച്ച സമയങ്ങളിൽ നിരവധി പ്രഗത്ഭരായ വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ടു നടക്കുന്ന ചർച്ചകളിൽ ശ്രീ ഭാഗവതർ മുഖ്യ സ്ഥാനം വഹിച്ചിരുന്നു. വളർന്നുവരുന്ന കലാകാര ന്മാരുടെ കച്ചേരി വൈകുന്നേരങ്ങളിൽ നടത്തിയിരുന്നു. ഇതു വളർച്ച പ്രാപിച്ചാണ് ഇന്നു മ്യൂസിക് അക്കാദമി സീസനായി രൂപംകൊണ്ടത്. 1932–ൽ ഇദ്ദേഹത്തിനു 'സംഗീത കലാനിധി' പട്ടം നൽകി ആദരിച്ചു.

1934–ൽ കാർത്തികത്തിരുനാൾ അവർകളുടെ പള്ളിക്കെട്ടിനോടനുബന്ധിച്ചു തിരുവിതാംകൂർ ചരിത്രം ഹരികഥയായി അവതരിപ്പിക്കുന്നതിനു ശ്രീ ഭാഗവതരെ ക്ഷണിച്ചു വരുത്തി. 'ചിത്രോദയം' എന്ന പേരിൽ ഭാഗവതർ അവതരിപ്പിച്ച ഹരികഥ യിൽ 'വൈവസ്വത മനു' മുതൽ ആരംഭിച്ച രാജാക്കന്മാരുടെ കാലഘട്ടത്തെക്കുറിച്ചു വർണിക്കുന്നതിനിടയിൽ ശ്രീ സ്വാതി തിരുനാൾ മഹാരാജാവിന്റെ മഹദ് സംഭാവന കളെ സൂചിപ്പിച്ചുകൊണ്ടു കുറച്ചു കൃതികൾ ആലപിച്ചു. ഇതിൽ അതീവ സന്തുഷ്ട യായ മഹാറാണി പ്രസ്തുത കൃതികൾ ശേഖരിച്ചു ചിട്ടപ്പെടുത്തുന്നതിനായി ആസ്ഥാന വിദ്വാനായി നിയമിതനാകാൻ ആവശ്യപ്പെട്ടു. മൈസൂറിലെ ആസ്ഥാന വിദ്വാനായതുകൊണ്ടു കുറച്ചുകാലം താമസിച്ചു, ഹോണറേറിയമായി പ്രസ്തുത ജോലി ഏറ്റെടുത്തു ചെയ്യാം എന്നു ഭാഗവതർ സമ്മതിച്ചു. അങ്ങനെ ഗോൾഫ് ലിംഗ്സിൽ താമസിച്ചു വളരെ ക്ലേശങ്ങൾ സഹിച്ചു പല അമ്മവീടുകളും സന്ദർശി ച്ചാണു സാഹിത്യം ശേഖരിച്ചത്.

സ്വാതി കൃതികൾ ചിട്ടപ്പെടുത്തുന്നതു മൂന്നു ഘട്ടങ്ങളായിട്ടാണ് അദ്ദേഹം ചെയ്തത്. ആദ്യം, കുറെ സ്വരപ്പെടുത്തിയതാണെങ്കിലും രൂപം നൽകണ്ടേവ;

രണ്ടാമത്, 75-ഓളം കൃതികൾ - ശങ്കരാഭരണം, സാവേരി എന്നെല്ലാം എഴുതിയിട്ടുണ്ടെങ്കിലും സാഹിത്യം മാത്രം ഉള്ളവ; പിന്നെ, കുറെ ദ്രവിച്ചും പൊടിഞ്ഞും കീറിയും മറ്റും സാഹിത്യഭംഗം വന്നവ. ഇങ്ങനെ മൊത്തം 225-ലേറെ കൃതികളാണ് ശ്രീ ഭാഗവതർ ചിട്ടപ്പെടുത്തിയത്. ശ്രീ നാരായണ ഭാഗവതർ, ശ്രീ വിദ്വാൻ ശ്രീനിവാസൻ, ശ്രീ നെല്ലയ് ടി.വി. കൃഷ്ണമൂർത്തി എന്നിവരാണ് ഭാഗവതർ ചിട്ടപ്പെടുത്തുന്ന കൃതികൾ സ്വരപ്പെടുത്തി എഴുതുന്നതിൽ ഏർപ്പെട്ടിരുന്നത്. ഓരോ കൃതിയും, കുറഞ്ഞത് 50 പ്രാവശ്യമെങ്കിലും പാടി ഭാഗവതർക്കു തൃപ്തിയായതിനുശേഷം മഹാറാണി മുൻപാകെ പാടി അനുമതി വാങ്ങിയിട്ടാണ് അച്ചടിക്കാനായി മാറ്റി വച്ചിരുന്നത്. ഒന്നാം ഭാഗം ചിട്ടപ്പെടുത്തിക്കഴിഞ്ഞപ്പോൾ ആവർത്തന വിരസത - അതായത് ഭൈരവി, സാവേരി, കല്യാണി, ശങ്കരാഭരണം തുടങ്ങിയവ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നത് - ഒഴിവാക്കാനായി മേളകർത്താ രാഗങ്ങളിലും ആപൂർവ രാഗങ്ങളിലും, മഹാറാണിയുടെ അനുമതിയോടെ, മാറ്റി ചിട്ടപ്പെടുത്തി. പണ്ട് മുല്ലമൊട്ടു ഭാഗവതർമാർ സോപാന രീതിയിൽ പാടിയിരുന്ന കൃതികൾ ഇന്നു നാം എല്ലാ കച്ചേരികളിലും കേട്ടാസ്വദിക്കുന്ന കൃതികളുടെ രൂപത്തിലാക്കിയതു ശ്രീ മുത്തയ്യാ ഭാഗവതരാണ്. സരസ്വതീമനോഹരി, ഉമാഭരണം, കുന്തളവരാളി, മോഹനകല്യാണി, ഹംസാനന്ദി, വാചസ്പതി തുടങ്ങിയ കൃതികൾ ചില ഉദാഹരണങ്ങളാണ്. 1934 മുതൽ 38 വരെ പ്രയത്നിച്ച് പ്രസ്തുത സംരംഭം പൂർത്തിയാക്കി.

*'സ്വാതിതിരുനാൾ കൃതികൾ പ്രചരിപ്പിക്കുന്നതിന് എന്തു ചെയ്യണം'* *എന്ന മഹാറാണിയുടെ ചോദ്യത്തിനു മറുപടിയായി ശ്രീ ഭാഗവതർ രണ്ടു കാര്യങ്ങൾ നിർദേശിച്ചു.*

മഹാരാജാവിന്റെ പേരിൽ ഒരു അക്കാദമി ആരംഭിക്കണമെന്നും, അവിടത്തെ വിദ്യാർഥീവിദ്യാർഥിനികളിൽനിന്നും 5 രൂപയിൽ കൂടുതൽ ഫീസ് ഈടാക്കരുതെന്നും, അവിടെ പഠിച്ചു പാസ്സാകുന്നവർക്കു വിദ്യാലയങ്ങളിൽ സംഗീതാധ്യാപകരായി നിയമനം നൽകണമെന്നുമാണ് ഒന്നാമത്തേത്.

കച്ചേരി ചെയ്യുന്ന തലത്തിൽ തിളങ്ങുന്ന പ്രഗത്ഭരായ സംഗീതജ്ഞരെ ആസ്ഥാന വിദ്വാന്മാരായി നിയമിക്കണമെന്നു രണ്ടാമത്തേത്.

ഇതു പാലിക്കാമെന്നു ഭാഗവതർക്കു മഹാറാണി വാക്കു നൽകി.

ഭാഗവതരുടെ നിർദേശപ്രകാരം ശ്രീമാന്മാർ ശെമ്മാങ്കുടി ശ്രീനിവാസ അയ്യർ, വടക്കഞ്ചേരി മണി ഭാഗവതർ, കല്യാണകൃഷ്ണ ഭാഗവതർ, മുശിരി സുബ്രഹ്മണ്യയ്യർ, പാലക്കാട് മണി അയ്യർ, രാജമാണിക്കം പിള്ളൈ, നാഗസ്വരം വീരുച്ചാമിപ്പിള്ളൈ തുടങ്ങിയവർ ആസ്ഥാന വിദ്വാന്മാരായി നിയമിക്കപ്പെട്ടു.

1939–ൽ തിരുവനന്തപുരം സ്വാതിതിരുനാൾ അക്കാദമി ആരംഭിച്ച് ശ്രീ ഭാഗവതർ ആദ്യത്തെ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. ദിവസവും പ്രാർഥന ചൊല്ലുന്നതിനായി അനന്തപത്മനാഭം ആശ്രയേ എന്ന ആരഭി കൃതി രചിച്ചു. 7 അടി ഉയരവും, ഒത്ത ആകാരവുമുള്ള അദ്ദേഹത്തിനുവേണ്ടി പ്രത്യേകം നിർമിച്ച ചാരുകസേര ഇന്നും അക്കാദമിയിൽ കാണാം. ആദ്യമൊക്കെ നവരാത്രിമണ്ഡപത്തിൽ രണ്ടു ഭാഗവ തർമാർ രാഗം മുതൽ പല്ലവി വരെ മാറിമാറി പാടിയിരുന്നു. ഇതു വാശിയേറിയ മത്സരമായി മാറുന്നു എന്നു കണ്ടപ്പോൾ ശ്രീ ഭാഗവതർ കച്ചേരികളായി രൂപാന്തരപ്പെ ടുത്തി. ഇന്നും നവരാത്രികാലങ്ങളിൽ തിരുവനന്തപുരം നവരാത്രിമണ്ഡപക്കച്ചേരി കൾ നടന്നുവരുന്നു. 1942–ൽ ദേഹാസ്വാസ്ഥ്യത്തെ തുടർന്നു ശ്രീ ഭാഗവതർ മൈസൂറി ലേയ്ക്കു മടങ്ങുന്നതിനു മുൻപായി ശ്രീ ശെമ്മാങ്കുടി ശ്രീനിവാസയ്യരെ അടുത്ത പ്രിൻസിപ്പലായി നിയമിക്കാൻ ശുപാർശചെയ്തു. സ്വാതിതിരുനാൾ കൃതികളുടെ ഒന്നാം ഭാഗം മുത്തയ്യാ ഭാഗവതരുടെ കാലഘട്ടത്തിലും അടുത്ത രണ്ടു ഭാഗങ്ങൾ തുടർന്നു പ്രിൻസിപ്പലായി സ്ഥാനമേറ്റ ശെമ്മാങ്കുടി ശ്രീനിവാസയ്യരുടെ കാലഘ ട്ടത്തിലും പ്രസിദ്ധീകരിക്കപ്പെട്ടു.

അന്നത്തെ ദിവാനായ സർ. സി.പി. രാമസ്വാമി അയ്യരുടെ അപേക്ഷയനുസരിച്ചു ശ്രീ ഭാഗവതർ ‘സംഗീത കല്പദ്രുമം’ എന്ന സംഗീത ഗ്രന്ഥം (തമിഴിൽ) സമർപ്പിക്കു കയും തിരുവിതാംകൂർ സർവകലാശാലയിൽനിന്നും ഡി.ലിറ്റ് ബിരുദം നൽകി ആദരിക്കപ്പെടുകയും ചെയ്തു.

സംഗീത കല്പദ്രുമം ഒന്നാം ഭാഗത്തിൽ ഉപോത്ഘാതം, നാദപ്രകരണം, ശ്രുതിപ്രകരണം, സ്വരപ്രകരണം, വർണാലങ്കാരപ്രകരണം, സ്വരപ്രസ്ഥാരപ്രകരണം, ജതിപ്രകരണം, ഗീതപ്രകരണം എന്നിങ്ങനെ 8 അധ്യായങ്ങളും, രണ്ടാം ഭാഗത്തിൽ പ്രബന്ധപ്രകരണം, വാദ്യപ്രകരണം, താളപ്രകരണം, രാഗപ്രകരണം, നർത്തനപ്രക രണം, വാഗ്ഗേയകാരപ്രകരണം എന്നിങ്ങനെ 6 അധ്യായങ്ങളും ഉണ്ട്. ശ്രീ വെങ്കിട സുബ്രഹ്മണ്യയ്യർ ഈ ഗ്രന്ഥം മലയാളത്തിൽ തർജ്ജമചെയ്ത് പ്രസിദ്ധീകരിച്ചു.

## സിനിമാലോകത്തിന് ഭാഗവതരുടെ സംഭാവനകൾ

ആദ്യകാലങ്ങളിൽ സിനിമകളിൽ സംഭാഷണം സംഗീത രൂപത്തിൽ ആയിരുന്നു. ഒരു സിനിമയിൽ 35-36 പാട്ടുകൾ ഉണ്ടാകും. അത്തരത്തിൽ ശ്രീ ഭാഗവതർ രചിച്ചു രൂപം നൽകിയ സിനിമകളാണ് 'സംഗീത ലവകുശ', 'രാധാകല്യാണം', 'തിരുമങ്കയാൾവാർ' തുടങ്ങിയവ. ഇവ മൂന്നിലും ലവനായും കൃഷ്ണനായും, തിരുജ്ഞാനസംബന്ധരായും അഭിനയിച്ചു പാട്ടുകൾ പാടിയതു ശ്രീ നെല്ലയ് ടി.വി. കൃഷ്ണമൂർത്തിയാണ്.

തില്ലാനാ മോഹനാംബാൾ എന്ന സിനിമയിൽ ചിക്കൽ ഷണ്മുഖസുന്ദരം നാദസ്വരത്തിൽ വായിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്ന കൃതി മുത്തയ്യാഭാഗവതരുടെ 'ഗാമഗരി ഗ പരിഗസാ' എന്ന നോട്ട് ആണ്.

ത്യാഗരാജസ്വാമികളുടെ കാലഘട്ടത്തിനുശേഷമുള്ള വാഗ്ഗേയകാരന്മാരിൽ ഉത്തമ വാഗ്ഗേയകാരൻ എന്നുതന്നെ ശ്രീ ഭാഗവതരെ വിശേഷിപ്പിക്കാം. കാരണം, വിവിധ ഭാഷകളിൽ ഏറ്റവും കൂടുതൽ സംഗീത രൂപങ്ങൾ സംഭാവന ചെയ്തിട്ടുള്ള മഹദ് വ്യക്തിയാണു ശ്രീ ഭാഗവതർ (ഒരു കൃതി സ്വയം രചിച്ച് ഈണമിട്ട് സ്വയമേ തന്നെ പാടി ഫലിപ്പിക്കാൻ കഴിവുള്ള വ്യക്തിയെ വാഗ്ഗേയകാരൻ എന്നു പറയുന്നു).

***ഇദ്ദേഹത്തിന്റെ കൃതികളുടെ പ്രത്യേകത :-***

1) 'വള്ളീനായകനേ' എന്ന ഷണ്മുഖപ്രിയ രാഗത്തിലുള്ള കൃതി വായിക്കാത്ത ഒരു നാദസ്വര വിദ്വാനും ഉണ്ടാവില്ല. ലോകത്തു നാദസ്വരമുള്ളിടത്തോളം കാലം ഭാഗവതരെ ആർക്കും മറക്കാനാവില്ല.

2) 'ഹിമഗിരി തനയേ' എന്ന ശുദ്ധധന്യാസി രാഗ കൃതി കേൾക്കാത്തവരായി ആരും ഉണ്ടാവില്ല. ബാലെകളിലും ഇതിനോടു ചേർത്തു മലയാളത്തിൽ രചിച്ചിട്ടുള്ള ഭക്തിഗാനവും വളരെ പ്രസിദ്ധമാണ്.

3) രചിക്കപ്പെട്ടിട്ടുള്ള രാഗത്തിന്റെ സ്വരൂപം, പഠിതാക്കൾക്കു ചിട്ടസ്വരത്തിലൂടെ വളരെ എളുപ്പത്തിൽ ലളിതമായ രീതിയിൽ മനസ്സിലാക്കിത്തരുന്ന വിധത്തിൽ ആയിരിക്കും.

4) ത്യാഗരാജരുടേതുപോലെ ലളിതവും, ദീക്ഷിതരുടേതുപോലെ വളരെ ബുദ്ധിമുട്ടിയാൽ മാത്രം പാടാൻ സാധിക്കുന്നതും, ശ്യാമശാസ്ത്രിയുടേതുപോലെ ചെറുതാണെങ്കിലും ഉൾക്കാഴ്ചയുള്ളതുമായ കൃതികൾ സംഭാവന ചെയ്തിട്ടുണ്ട്.

5) മുത്തുസ്വാമി ദീക്ഷിതർ നവഗ്രഹ കൃതികൾ സംഭാവനചെയ്തശേഷം ശ്രീ മുത്തയ്യാ ഭാഗവതർ വാരകീർത്തനങ്ങൾ എന്ന പേരിൽ ഏഴു കൃതികൾ സംഭാവന ചെയ്തിട്ടുണ്ട്. രാഗം തെരഞ്ഞെടുത്തതിലും സാഹിത്യഭംഗിയിലും കുറച്ചുകൂടി ലളിതമാണു വാര കീർത്തനങ്ങൾ.

6) രാഗമാലികകൾക്ക്, ചിട്ടസ്വരം ലഘു വരെ പാടിയശേഷം ദ്രുതത്തിൽനിന്നും ആദ്യത്തെ രാഗത്തിന്റെ സ്വരങ്ങൾ ചേർത്തു മനോഹരമായ രീതിയിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു.

ഇന്ത്യയിൽ ആദ്യമായി ഒരു സംഗീത വിദ്യാലയം ആരംഭിച്ചതു ശ്രീ ഭാഗവതരാണ്. തമിഴ്നാട്ടിൽ മധുരയിലാണു പ്രസ്തുത വിദ്യാലയം തുടങ്ങിയത്. ഇവിടെ പഠിച്ച പേരുകേട്ട സംഗീതജ്ഞരാണു മധുരൈ മണിഅയ്യർ, ശങ്കരശിവം (ടി.എൻ. ശേഷഗോപാലന്റെ ഗുരു) എന്നിവർ.

ഇദ്ദേഹം പുതിയതായി 23 രാഗങ്ങൾ സംഭാവനചെയ്തിട്ടുണ്ട്. ഇവയെ പ്രചാരത്തിലുള്ളവ എന്നും ഇനി പ്രചരിപ്പിക്കപ്പെടേണ്ടവ എന്നും തരം തിരിക്കാം.

*a) പ്രചാരത്തിലുള്ളവ*

1) നിരോഷ്ഠം - സ്വരവും സാഹിത്യവും പാടുമ്പോൾ ചുണ്ടുകൾ തമ്മിൽ കൂട്ടിമുട്ടാൻ പാടില്ല. ഇതാണു നിബന്ധന. രാജരാജ എന്ന കൃതി പ്രസിദ്ധമാണ്.

2) ഗൗഡമല്ലാർ - സാരസമുഖി എന്നു തുടങ്ങുന്ന കൃതി പ്രചാരത്തിലുണ്ട്.

3) വിജയനാഗരി - വിജയാംബികേ

4) കർണരഞ്ജിനി - വാഞ്ചതോനുന

5) ഹംസാനന്ദി - സചാമര

*b) ഇനി പ്രചരിപ്പിക്കപ്പെടേണ്ടവ*

ഗുഹരഞ്ജിനി, വീണാധാരി, നാഗഭൂഷണി, പശുപതിപ്രിയ, ഹരിനാരായണി, ഹംസദീപകം, മനോരമ, ഊർമിക, സാരംഗമൽഹാർ, ഗുരുപ്രിയ, ഹംസഗമനി, മായാപ്രദീപം, സുമനപ്രിയ, വിജയസരസ്വതി, ബുധമനോഹരി, അലങ്കാരി, ചക്രപ്രതി പാദം, കോകിലഭൂഷണി എന്നിവ.

ശ്രീ ഭാഗവതർ ഗോട്ടുവാദ്യം, വയലിൻ, മിഴാവ് എന്നീ വാദ്യങ്ങൾ വായിക്കുന്നതിലും നൈപുണ്യമുണ്ടായിരുന്ന വ്യക്തിയാണ്. സ്കന്ദഷഷ്ഠി മഹോത്സവം നടത്തി ഹരികഥയിലൂടെയും, കച്ചേരികളിലൂടെയും നിരവധി കലാകാരന്മാരെ പ്രോത്സാഹിപ്പിച്ചിരുന്നു.

ആകാരം, അലങ്കാരം, ജീവിതശൈലി എന്നിങ്ങനെ എല്ലാംകൊണ്ടും ഒരു മഹാരാജാവിനെപ്പോലെ തേജസ്വിയായിരുന്നു ശ്രീ മുത്തയ്യാ ഭാഗവതർ. സ്വാതി തിരുനാൾ മഹാരാജാവു മുത്തയ്യാ ഭാഗവതരായി പുനർജന്മമെടുത്തു തന്റെ കീർത്തനങ്ങളെ പ്രചരിപ്പിച്ചതായി ശ്രീ നെല്ലയ് ടി.വി. കൃഷ്ണമൂർത്തി വിശ്വസിച്ചിരുന്നു.

––– * ––– * –––